# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ നിന്നു വിരമിച്ച ശ്രീ. വിക്രമന് 6 ലക്ഷം രൂപ എക്സ് ഗ്രേഷ്യാ ആയി ക്രൂസിന്റെ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം.823 /2017/തസ്വഭവ. തിരുവനന്തപുരം, തീയതി, 22.03.2017.

പരാമർശം:- 1. 28.10.2014 -ലെ സ.ഉ.(കൈ) നം. 184/2014/തസ്വഭവ

2. ശ്രീ. വിക്രമന്റെ 12.11.2015 തീയതിയിലെ നിവേദനം.

3. കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി സെക്രട്ടറിയുടെ 01.11.2016 ലെ എ/823/1997 നമ്പർ കത്ത്.

## ഉത്തരവ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ ക്രൂസിന്റെ കേന്ദ്ര ഓഫീസിലെ 6 ജീവനക്കാരെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ ചേർക്കാൻ അനുമതി നൽകി പരാമർശം-1 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 31.10.2014-ൽ സർവ്വീസിൽ നിന്നും വിരമിച്ച തനിക്ക് പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം ലഭിക്കില്ലെന്നും ആയതിനാൽ പ്രസ്തുത ഉത്തരവ് പുന:പരിശോധിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. വിക്രമൻ പരാമർശം - 2 പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇതൊരു പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട് മാനുഷികപരിഗണന നൽകി കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ നിന്നും വിരമിച്ച ശ്രീ വിക്രമന് എക്സ് ഗ്രേഷ്യാ തുകയായി 6 ലക്ഷം രൂപ (ആറ് ലക്ഷം രൂപ മാത്രം) ക്രൂസിന്റെ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

റ്റി. കെ. ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി
ശ്രീ. എൻ.വിക്രമൻ, ഗ്രാമലക്ഷ്മി ഭവൻ, നട്ടുമുറി, തുണ്ടുവിളാകത്ത്, ആനയറ പി.ഒ., തിരുവനന്തപുരം - 29.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ (വെബ് ആന്റ് ന്യൂ മീഡിയ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ